(സി&ഡി) ഇക്കാര്യത്തിൽ സർക്കാർ തീരുമാനമൊന്നും എടുത്തിട്ടില്ല.

(ഇ) കെ. ഇ. ആറിലെ നിബന്ധനക്കനുസൃതമായി ഡിപ്പാർട്ട്മെന്റ് തലത്തിൽ പഠനം നടത്തിയതിനുശേഷമേ സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുകയുള്ളു.

പാഠപുസ്തകങ്ങൾ കൃത്യസമയത്ത് വിതരണം ചെയ്യാൻ നടപടി

21 (*141) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം ഏതെല്ലാം ക്ലാസുകളിലാണ് പുതിയ പാഠപുസ്തകങ്ങൾ നിലവിൽ വന്നത് ;

(ബി) സംസ്ഥാനത്ത് മുഴുവൻ വിദ്യാർത്ഥികൾക്കും ആവശ്യമായ പാഠ പുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ടോ ;

(സി) എങ്കിൽ വിദ്യാർത്ഥികൾക്ക് കൃത്യമായി അവ എത്തിച്ചു കൊടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പാഠപുസ്തങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വില വർദ്ധിപ്പിച്ച പാഠപുസ്തകങ്ങൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലുണ്ടായിരുന്ന വില എത്രയായിരുന്നെന്നും വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) സംസ്ഥാനത്ത് ഈ വർഷം ഒന്ന്, രണ്ട്, മൂന്ന്, ഒൻപത് എന്നീ ക്ലാസുകളിൽ പുതിയ പാഠപുസ്തകങ്ങൾ നിലവിൽ വന്നു.

(ബി & സി) അച്ചടി പൂർത്തീകരിച്ചു വരുന്നു. സമയബന്ധിതമായി പാഠ പുസ്തകങ്ങളുടെ അച്ചടി പൂർത്തീകരിക്കേണ്ടതിനാൽ പാഠപുസ്തകങ്ങളുടെ അച്ചടി സർക്കാർ പ്രസ്സുകളിലും സ്വകാര്യ പ്രസ്സുകളിലും ചെയ്തു വരുന്നു. കേന്ദ്ര സ്റ്റോറുകളിൽ നിന്നും പുസ്തകങ്ങൾ ജില്ലാ ഡിപ്പോകളിലേക്കും അവിടെ നിന്നും സ്കൂൾ സഹകരണ സംഘങ്ങൾക്കും ലഭ്യമാക്കി വരുന്നു.

(ഡി) ഉണ്ട്. 4-4-2003-ലെ ജി. ഒ. (എംഎസ്.)85/2003/ജി.ഇ.ഡി. നമ്പർ ഉത്തരവിൻ പ്രകാരം ഈ അദ്ധ്യയന വർഷത്തിൽ മാറ്റമില്ലാത്ത പുസ്തകങ്ങൾക്ക് വില വർദ്ധിപ്പിക്കേണ്ടതില്ലെന്നും 1, 2, 3 ,9 എന്നീ ക്ലാസുകളിലേക്കുള്ള പാഠപുസ്തകങ്ങൾക്ക് 20% വർദ്ധനവ് ഏർപ്പെടുത്തിക്കൊണ്ടും 9-ാം ക്ലാസിലെ ഐ. റ്റി. പുസ്തകത്തിന്റെ വില 20 രൂപ ആയി നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുസ്തകങ്ങളുടെ വില അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly